പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3765 30.01.2014 ൽ മറുപടിക്ക്

## മന്ത്രി വാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങൾ

| ശ്രീമതി കെ. എസ്. സലീഖ: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | | |
|---|---|---|---|---|
| ചോദ്യം | | 30.01.2014 ൽ നൽകിയ മറുപടി | | അന്തിമ മറുപടി |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഗതാഗതവകുപ്പിന്റെ കണക്കിൽ സംസ്ഥാനത്ത് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെയും അകമ്പടിക്കാരുടെയും വാഹനങ്ങൾ ഉൾപ്പെട്ട എത്ര വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്; മന്ത്രിമാർ തിരിച്ച് വിശദാംശം വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെ വാഹനങ്ങൾ ഉൾപ്പെട്ട 16 വാഹനാപകടങ്ങളും അകമ്പടിക്കാരുടെ വാഹനങ്ങൾ ഉൾപ്പെട്ട 5 വാഹനാപകടങ്ങളും ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെ വാഹനങ്ങൾ ഉൾപ്പെട്ട 16 വാഹനാപകടങ്ങളും അകമ്പടിക്കാരുടെ വാഹനങ്ങൾ ഉൾപ്പെട്ട 5 വാഹനാപകടങ്ങളും ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത വാഹന അപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് അംഗവൈകല്യം സംഭവിച്ചു; ഗതാഗത വകുപ്പിൽ ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ നിലവിലുണ്ട്; ഇൻഷ്വറൻസ് ഇനത്തിൽ എന്ത് തുക ഇത്തരക്കാർക്ക് നാളിതുവരെ നൽകി എന്നറിയുമോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത വാഹന അപകടങ്ങളിൽ 7 പേർ മരണപ്പെട്ടു. ആർക്കും അംഗവൈകല്യം സംഭവിച്ചതായി അറിവായിട്ടില്ല. പോലീസ് വകുപ്പിൽ ഇതു സംബന്ധിച്ച് 20 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് ഇനത്തിൽ നൽകിയ തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. | പ്രസ്തുത വാഹന അപകടങ്ങളിൽ 7 പേർ മരണപ്പെട്ടു. ആർക്കും അംഗവൈകല്യം സംഭവിച്ചതായി അറിവായിട്ടില്ല. പോലീസ് വകുപ്പിൽ ഇതു സംബന്ധിച്ച് 20 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് ഇനത്തിൽ ഗതാഗത വകുപ്പിൽ നിന്നോ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നോ നഷ്ടപരിഹാരം ഒന്നും നൽകിയിട്ടില്ല. |
| (സി) | മോട്ടോർ വാഹന നിയമം 112-ാം വകുപ്പ് പ്രകാരം മന്ത്രിമാരുടെയും അകമ്പടി ഉദ്യോഗസ്ഥരുടെയും വാഹനങ്ങൾക്ക് വേഗപരിധി എത്രയാണ് നിശ്ചയിച്ചിട്ടുള്ളത്; ഇത് മറികടന്ന് അപകടമുണ്ടാക്കിയ വാഹനങ്ങൾ എത്ര; ഏതെല്ലാം മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും വാഹനങ്ങളാണ് അപകടങ്ങളിൽപ്പെട്ടത്; വിശദാംശം നൽകുമോ; | (സി) | പരമാവധി വേഗത പരിധി മണിക്കൂറിൽ 70 കി.മീ. ആണ്. മന്ത്രിമാർക്കും മറ്റും പ്രത്യേക നിയമം നിലവിലില്ല. ഇത്തരത്തിൽ അപകടങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. | പരമാവധി വേഗത പരിധി മണിക്കൂറിൽ 70 കി.മീ. ആണ്. മന്ത്രിമാർക്കും മറ്റും പ്രത്യേക നിയമം നിലവിലില്ല. ഇത്തരത്തിൽ അപകടങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | | |
|---|---|---|---|---|
| (ഡി) | മോട്ടോർ വാഹന നിയമം 119 -ാം വകുപ്പനുസരിച്ച് ട്രാഫിക് സിഗ്നലുകൾ ലംഘിച്ച ഫോട്ടോകൾ ലഭ്യമായതിൽ നാളിതുവരെ പ്രസ്തുത വകുപ്പ് ലംഘിച്ച മന്ത്രി വാഹനങ്ങളും, അകമ്പടി വാഹനങ്ങളും ഏതെല്ലാം; വിശദാംശം വ്യക്തമാക്കുമോ; | (ഡി) | മന്ത്രിമാരുടെയും അകമ്പടി ഉദ്യോഗസ്ഥരുടെയും വാഹനങ്ങൾ മോട്ടോർ വാഹന നിയമം 119-ാം വകുപ്പനുസരിച്ച് ട്രാഫിക് സിഗ്നലുകൾ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. | മന്ത്രിമാരുടെയും അകമ്പടി ഉദ്യോഗസ്ഥരുടെയും വാഹനങ്ങൾ മോട്ടോർ വാഹന നിയമം 119-ാം വകുപ്പനുസരിച്ച് ട്രാഫിക് സിഗ്നലുകൾ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | മന്ത്രിമാരുടെയും അകമ്പടി ഉദ്യോഗസ്ഥരുടെയും വാഹനങ്ങൾ ഉണ്ടാക്കുന്ന വാഹനാപകടങ്ങൾ നിയന്ത്രിക്കാൻ 'വേഗത നിയന്ത്രണം' ഉൾപ്പെടെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ഇ) | മന്ത്രിമാരുടെയും അകമ്പടി ഉദ്യോഗസ്ഥരുടെയും വാഹനങ്ങൾക്ക് പ്രത്യേകമായി വേഗപരിധി നിശ്ചയിച്ചിട്ടില്ല. ഇത്തരം വാഹനങ്ങൾ വേഗ പരിധി മറികടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള നിയമങ്ങൾ പ്രകാരമുള്ള നടപടികൾ പ്രസ്തുത വാഹനങ്ങൾക്കും ബാധകമാണ്. | മന്ത്രിമാരുടെയും അകമ്പടി ഉദ്യോഗസ്ഥരുടെയും വാഹനങ്ങൾക്ക് പ്രത്യേകമായി വേഗപരിധി നിശ്ചയിച്ചിട്ടില്ല. ഇത്തരം വാഹനങ്ങൾ വേഗ പരിധി മറികടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള നിയമങ്ങൾ പ്രകാരമുള്ള നടപടി കൾ പ്രസ്തുത വാഹനങ്ങൾക്കും ബാധകമാണ്. |
| (എഫ്) | സംസ്ഥാനത്ത് പൊതുജനങ്ങളുടെ വാഹനങ്ങൾക്ക് വേഗപ്പൂട്ടും, മോട്ടോർ വാഹന നിയമം ലംഘിച്ചവർക്ക് പിഴയും, ലൈസൻസ് റദ്ദാക്കലുമുൾപ്പെടെ നടപ്പിലാക്കിയതുമൂലം നിലവിലെ ഗതാഗത കമ്മീഷണർ സ്ഥാനമേറ്റതിനുശേഷം നാളിതുവരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എന്തു തുക പിഴ ഇനത്തിൽ ലഭിച്ചു; എത്ര പേരുടെ ലൈസൻസ് റദ്ദാക്കലും സസ്പെന്റ് ചെയ്യലും നടപ്പിലാക്കി; ഇതിൽ മന്ത്രിമാർ/അകമ്പടി വാഹനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (എഫ്) | സംസ്ഥാനത്ത് പൊതുജനങ്ങളുടെ വാഹനങ്ങൾക്ക് വേഗപ്പൂട്ടും, മോട്ടോർ വാഹന നിയമം ലംഘിച്ചവർക്ക് പിഴയും, ലൈസൻസ് റദ്ദാക്കലുമുൾപ്പെടെ നടപ്പിലാക്കിയതുമൂലം 10.06.2013 മുതൽ 20.01.2014 വരെ പെറ്റിക്കേസുകൾ ഉൾപ്പെടെ 2306615 കേസുകളും, പിഴയായി 38,67,63,686/- (മുപ്പത്തിയെട്ടു കോടി അറുപത്തിയേഴ് ലക്ഷത്തി അറുപത്തി മൂവായിരത്തി അറുനൂറ്റി എൺപത്തിയാറ്) രൂപ ഈടാക്കുകയും ചെയ്തു. 10299 പേർക്കെതിരെ ലൈസൻസ് റദ്ദ്/ സസ്പെൻഡ് ചെയ്യുന്നതിലേക്കുള്ള നടപടികൾ സ്വീകരിക്കുന്ന തിനായി മോട്ടോർ വാഹന വകുപ്പിന് റിപ്പോർട്ടുകൾ നൽകിയിട്ടുള്ളതാണ്. ഇതിൽ മന്ത്രിമാർ / അകമ്പടി വാഹനങ്ങൾ ഉൾപ്പെട്ടിട്ടില്ല. | സംസ്ഥാനത്ത് പൊതു ജനങ്ങളുടെ വാഹനങ്ങൾക്ക് വേഗപ്പൂട്ടും, മോട്ടോർ വാഹന നിയമം ലംഘിച്ചവർക്ക് പിഴയും. ലൈസൻസ് റദ്ദാക്കലുമുൾപ്പെടെ നടപ്പിലാക്കിയതുമൂലം 10.06.2013 മുതൽ 20.01.2014 വരെ പെറ്റിക്കേസുകൾ ഉൾപ്പെടെ 2306615 കേസുകളും, പിഴയായി 38,67,63,686/- (മുപ്പത്തിയെട്ടു കോടി അറുപത്തിയേഴ് ലക്ഷത്തി അറുപത്തി മൂവായിരത്തി അറുനൂറ്റി എൺപത്തിയാറ്) രൂപ ഈടാക്കുകയും ചെയ്തു. 10299 പേർക്കെതിരെ ലൈസൻസ് റദ്ദ്/ സസ്പെൻഡ് ചെയ്യുന്നതിലേക്കുള്ള നടപടികൾ സ്വീകരിക്കുന്ന തിനായി മോട്ടോർ വാഹന വകുപ്പിന് റിപ്പോർട്ടുകൾ നൽകിയിട്ടുള്ളതാണ്. ഇതിൽ മന്ത്രിമാർ / അകമ്പടി വാഹനങ്ങൾ ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

| നമ്പർ | മന്ത്രിമാരുടെ പേരുവിവരം | അപകടങ്ങളുടെ എണ്ണം | അകമ്പടി വാഹനങ്ങളുടെ അപകടങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | ശ്രീ. ഉമ്മൻ ചാണ്ടി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി | 2 | 1 |
| 2 | ശ്രീ. കുഞ്ഞാലിക്കുട്ടി ബഹുമാനപ്പെട്ട മന്ത്രി | 1 | 1 |
| 3. | ശ്രീ. അനൂപ് ജേക്കബ് ബഹുമാനപ്പെട്ട മന്ത്രി | 2 | |
| 4. | ശ്രീ. ശക്തൻ നാടാർ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ | 1 | |
| 5. | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ബഹുമാനപ്പെട്ട മന്ത്രി | 3 | 2 |
| 6. | ശ്രീ. പി.ജെ. ജോസഫ് ബഹുമാനപ്പെട്ട മന്ത്രി | 1 | |
| 7. | കുമാരി ജയലക്ഷ്മി ബഹുമാനപ്പെട്ട മന്ത്രി | 1 | |
| 8. | ശ്രീ. മഞ്ഞളാംകുഴി അലി ബഹുമാനപ്പെട്ട മന്ത്രി | 1 | |
| 9. | ശ്രീ. കെ.സി. ജോസഫ് ബഹുമാനപ്പെട്ട മന്ത്രി | 3 | |
| 10. | ശ്രീ. എം.കെ. മുനീർ ബഹുമാനപ്പെട്ട മന്ത്രി | 1 | 1 |

സെക്ഷൻ ഓഫീസർ